ളെയും സ്ഥിരപ്പെടുത്തിക്കഴിഞ്ഞു. 19.05.1983-ന് ശേഷം സി.എൽ.ആർ. തസ്തിക നിലവിലില്ല.

(സി) സി.എൽ.ആർ. നിയമനരീതി നിലവിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 19.05.1983-ന് ശേഷം സി.എൽ.ആർ. തസ്തിക നിലവിലില്ലാത്തതിനാൽ നടപടി എടുക്കുന്നകാര്യം ഉദിക്കുന്നില്ല.

**98 (2789) കർഷകതൊഴിലാളി പെൻഷൻ യഥാസമയം നൽകുന്നില്ലെന്ന പരാതി**

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ ഗ്രാമപഞ്ചായത്തുകൾ യഥാസമയം നൽകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ പഞ്ചായത്തുകളാണ് കർഷകത്തൊഴിലാളി പെൻഷൻ വിതരണം നടത്തുന്നതിനുള്ള നടപടി കൈകാര്യം ചെയ്തിരുന്നത്. അധികാര വികേന്ദ്രീകരണ സമിതിയുടെ ശുപാർശ പ്രകാരം 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ടിന് ഭേദഗതികൾ വരുത്തിയതിനെത്തുടർന്ന് ഈ അധികാരം ഗ്രാമ പഞ്ചായത്തുകളിൽനിന്നും ഗുണഭോക്താക്കളുടെ പട്ടികയും മറ്റും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായ കാലതാമസമാണ് ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ പെൻഷൻ വിതരണത്തിന് കാലതാമസത്തിനിടയാക്കിയത്. ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

**99 (2790) ഒഡെപെക്ക് വഴി ജോലി ലഭിച്ചവർ**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് മുഖാന്തിരം 1998-1999-ൽ എത്ര പേർക്ക് വിദേശത്ത് ജോലി ലഭ്യമാക്കാൻ കഴിഞ്ഞു;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ; എത്രപേർ വീതം എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ട്രെയിഡുകളിലാണ് നിയമനം നടന്നിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 177 പേർക്ക്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

| രാജ്യം | | എണ്ണം |
|---|---|---|
| സിംഗപ്പൂർ | - | 79 |
| സൗദി അറേബ്യ | - | 51 |
| ഖത്തർ | - | 15 |
| ബ്രൂണോയ് | - | 12 |
| യു.എ.ഇ | - | 8 |
| മലേഷ്യ | - | 6 |
| കുവൈറ്റ് | - | 5 |
| ബഹറിൻ | - | 1 |
| ആകെ | - | 177 |

(സി) താഴെ പറയുന്ന ട്രെയിഡുകളിലാണ് നിയമനം നടന്നിട്ടുള്ളത്.

| | |
|---|---|
| ഡോക്ടർ | - 2 |
| പാരാമെഡിക്കൽ | - 34 |
| എഞ്ചിനീയർ | - 7 |
| ടെക്നീഷ്യൻ (ഐ.ടി.ഐ., എ.സി. മെക്കാനിക് എന്നിവർ) | - 51 |
| സെയിൽസ്മാൻ | - 4 |
| എയർലൈൻ ക്ലാർക്ക്/ ജനറൽ ക്ലാർക്ക് | - 7 |
| തൊഴിലാളികൾ | - 72 |
| ആകെ | - 177 |

**100 (2791) സ്വകാര്യ പണമിടപാട് കമ്പനികളിലെ ജീവനക്കാർക്ക് മിനിമം വേജസ്**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളായ കുറികമ്പനികളിലെ ജീവനക്കാർക്ക് പ്രത്യേകമായി ഒരു മിനിമം വേജസ് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

332/2010

LIBRARY ARCHIVES Kerala Legislative Assembly